പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 873** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ഇ-ഗ്രാന്റ്സ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി അനുവദിക്കുന്ന ഇ-ഗ്രാന്റ്സ് 2016 ഏപ്രിൽ 1 മുതൽ 2026 ഏപ്രിൽ ഒന്ന് വരെ കൃത്യമായി വിതരണം ചെയ്തിട്ടുണ്ടോയെന്നും നിലവിൽ കുടിശ്ശികയുണ്ടോയെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള പോസ്റ്റ്മെട്രിക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി അനുവദിക്കുന്ന ഇ-ഗ്രാന്റ്സ് 2016 ഏപ്രിൽ 1 മുതൽ 2026 ഏപ്രിൽ ഒന്ന് വരെ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| 2016-17 | 1,34,64,383 |
| 2017-18 | 5,57,81,394 |
| 2018-19 | 17,57,63,720 |
| 2019-20 | 26,44,30,837 |
| 2020-21 | 25,48,35,550 |
| 2021-22 | 25,33,25,000 |
| 2022-23 | 25,09,55,441 |
| 2023-24 | 44,95,21,568 |
| 2024-25 | 26,28,09,677 |
| 2025-26 | 79,30,68,152 |

നിലവിൽ ഇ-ഗ്രാന്റ്സ് സോഫ്റ്റ് വെയറിൽ 12.82 കോടി രൂപയുടെ ക്ലെയിമുകൾ ബാക്കിയുണ്ട്.

**(ബി)** ഇ-ഗ്രാന്റ്സ് ആശ്രയിച്ച് വിദ്യാഭ്യാസം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രസ്തുത തുക കുടിശ്ശിക ആയതിനാൽ ഹോസ്റ്റൽ ഫീസും കോളേജിലെ മറ്റ് ഫീസുകളും അടയ്ക്കാൻ കഴിയാത്തത്

മൂലം സർട്ടിഫിക്കറ്റുകളും ടി.സിയും ലഭിക്കാതെ തുടർപഠനം മുടങ്ങുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-ഗ്രാന്റ്സ് തുക കുടിശ്ശികയില്ലാതെ സമയബന്ധിതമായി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഇ-ഗ്രാന്റ്സ് വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാകാത്തത് മൂലം തുടർ പഠനം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-ഗ്രാന്റ്സ് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക ഫിഷറീസ് ഡയറക്ടർ സമയബന്ധിതമായി തന്നെ വിതരണം ചെയ്യാറുണ്ട്.

**(സി)** ഇ-ഗ്രാന്റ്സ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി പട്ടികവർഗ വകുപ്പ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്ന അതേ നിരക്കിലാണ് നിലവിൽ ഫിഷറീസ് വകുപ്പിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നത്. പട്ടികജാതി പട്ടികവർഗ വകുപ്പ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ഫിഷറീസ് വകുപ്പും ഇ-ഗ്രാന്റ്സ് തുക വർധിപ്പിച്ച് നൽകുന്നതാണ് .

**സെക്ഷൻ ഓഫീസർ**